**പോലീസ് വകുപ്പ്**

**കേരളം**

**No. A2-28621/2022/TC**

സിറ്റി പോലീസ് ഓഫീസ്,
തിരുവനന്തപുരം
cptvm.pol@kerala.gov.in
04712320579

തീയതി. 22-09-2022

**വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ഇൻറെർസെപ്റ്റർ/റെസ്ക്യൂ ബോട്ടിലേക്ക് താത്കാലിക നിയമനത്തിന് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.**

**തസ്തിക ഒന്ന് : ബോട്ട് സ്രാങ്ക്**

ദിവസവേതനം 1155/- രൂപ

യോഗ്യത : എഴാം ക്ലാസ്സ് വരെ പഠിച്ചിരിക്കണം. 1970 ലെ കേരള സ്റ്റേറ്റ് പോർട്ട് ഹാർബർ ക്രാഫ്റ്റ് റൂൾ പ്രകാരമുള്ള ബോട്ട് സ്രാങ്ക് സർട്ടിഫിക്കറ്റ് / എം എം ഡി ലൈസൻസ് /മദ്രാസ് ജനറൽ റൂൾസ് പ്രകാരമുള്ള ലൈസൻസ്/ ട്രാവൻകൂർ കൊച്ചിൻ റൂൾ പ്രകാരമുള്ള ബോട്ട് സ്രാങ്ക് ലൈസൻസ്.

എക്സ് നേവി എക്സ് കോസ്റ്റ് ഗാർഡ് (എക്സ് ബി.എസ്.എഫ് വാട്ടർ വിംഗ് സൈനികർ എന്നിവർക്ക് മുൻഗണന.

5 ടൺ/ 12 ടൺ ഇന്റർസെപ്റ്റർ ബോട്ടിൽ കടലിൽ ജോലി ചെയ്തുള്ള പരിചയം .

പ്രായപരിധി : 30/06/2022 ൽ 45 വയസ് കഴിയാത്തവരായിരിക്കണം .

**തസ്തിക രണ്ട് : ബോട്ട് ഡ്രൈവർ**

ദിവസവേതനം 700/- രൂപ

യോഗ്യത : എഴാം ക്ലാസ്സ് വരെ പഠിച്ചിരിക്കണം . കേരള സ്റ്റേറ്റ് പോർട്ട് ഹാർബർ റൂൾ 1970 പ്രകാരമുള്ള ബോട്ട് ഡ്രൈവർ ലൈസൻസ് അല്ലെങ്കിൽ എം എം ഡി ലൈസൻസ്.

എക്സ് നേവി (എക്സ് കോസ്റ്റ് ഗാർഡ് (എക്സ് ബി.എസ്.എഫ് വാട്ടർ വിംഗ് സൈനികർ എന്നിവർക്ക് മുൻഗണന.

5 ടൺ/ 12 ടൺ ഇന്റർസെപ്റ്റർ ബോട്ട് കടലിൽ ഓടിച്ചുള്ള 3 വർഷത്തെ പരിചയം.

പ്രായപരിധി : 30/06/2022 ൽ 45 വയസ് കഴിയാത്തവരായിരിക്കണം .

**തസ്തിക മൂന്ന് : ബോട്ട് ലാസ്കർ**

ദിവസവേതനം 645/- രൂപ

യോഗ്യത : എഴാം ക്ലാസ്സ് വരെ പഠിച്ചിരിക്കണം . പോർട്ട് വകുപ്പ് നൽകുന്ന ബോട്ട് ലാസ്കർ ലൈസൻസ് ഉണ്ടായിരിക്കണം .

പ്രായപരിധി : 30/06/2022 ൽ 18 വയസ് പൂർത്തിയായിരിക്കണം / 40 വയസ് കഴിയാത്തവരായിരക്കണം .

**മേൽ തസ്തികകളിലേക്കുള്ള ശാരീരികക്ഷമത**

ഉയരം 5 അടി 4 ഇഞ്ച് , നെഞ്ചളവ് 31" - 32 1/2 '

കാഴ്ച ശക്തി : ദൂരക്കാഴ്ച 6/6 , സമീപ കാഴ്ച 0/5 , വർണ്ണാന്ധത , നിശാന്ധത ,കോങ്കണ്ണ് തുടങ്ങിയവ ഉണ്ടാവാൻ പാടില്ല.

മേൽ തസ്തികകളിലേക്കുള്ള അപേക്ഷകർ കടലിൽ 500 മീറ്റർ നീന്തൽ ടെസ്റ്റിൽ വിജയിക്കേണ്ടതാണ് . ശാരീരിക മാനസിക ആരോഗ്യക്ഷമത തെളിയിക്കുന്നതിന് ഒന്നാം ഗ്രേഡ് സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സ്ത്രീകൾ, വികലാംഗർ , രോഗികൾ എന്നിവർ ഈ തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

അപേക്ഷകർ 30/09/2022 തീയ്യതി രാവിലെ 08:00 മണിക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷനിൽ ഹാജരാകേണ്ടതാണ് .നിയമനം തികച്ചും താൽക്കാലികവും പരമാവധി 89 ദിവസത്തേക്കും ആയിരിക്കും .

ജി സ്പർജൻ കുമാർ ഐ പി എസ്
പോലീസ് കമ്മീഷണർ

Internal Administrative Processing System
iAPS
KERALA POLICE